"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2020-21 വാർഷിക പദ്ധതിയിലെ ശ്മശാന നവീകരണം (ആധുനിക ക്രിമറ്റോറിയം) എന്ന പദ്ധതിയ്ക്ക് സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ കിടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉപയോഗിച്ച് പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

G.O.(Rt) No.574/2021/LSGD തീയതി,തിരുവനന്തപുരം, 24/02/2021

---

പരാമർശം:- 1 ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ 10.03.2020 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 9/2 നമ്പർ തീരുമാനം

2 10.02.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.11 നമ്പർ തീരുമാനം

**ഉത്തരവ്**

2017-18-ൽ ആധുനിക ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് (ധനകാര്യ കമ്മീഷൻ ഗ്രാന്റ് 15 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 10 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 5 ലക്ഷം രൂപ) പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ക്രിമറ്റോറിയത്തിനു ജില്ലാ കളക്ടറുടെ NOC ലഭിക്കാത്തതിനാൽ ഉപേക്ഷിച്ചിരുന്നു എന്നും 2018-19 ൽ ഇത് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിരുന്നു എങ്കിലും NOC ലഭിച്ചിരുന്നില്ല എന്നും എന്നാൽ ബ്ലോക്ക് പഞ്ചായത്ത് 5 ലക്ഷം രൂപ ഈ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിരുന്നെന്നും ഇത് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ഉണ്ടെന്നും 2019-20ൽ NOC ലഭ്യമായതിനെ തുടർന്ന് പ്രോജക്റ്റ് വീണ്ടും തയ്യാറാക്കി ടെൻഡർ നടപടി പൂർത്തിയാക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് വിഹിതം ഒഴിവാക്കിയാണ് പുതിയ പ്രോജക്റ്റിന്റെ അടങ്കൽ നിശ്ചയിച്ചിരിക്കുന്നത്. സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ കിടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉപയോഗിച്ച് പ്രൊജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നാണ് ഞീഴൂർ ഗ്രാമ പഞ്ചായത്ത് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ കിടക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൂടി ഉപയോഗിച്ച് പ്രൊജക്റ്റ് നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. സ്പെഷ്യൽ റ്റി.എസ്.ബി.യിലെ തുക മാറാൻ തടസ്സമുണ്ടെങ്കിൽ ക്ലീയറൻസിനായി ധന വകുപ്പിന് നേരിട്ട് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, കടുത്തുരുത്തി
സെക്രട്ടറി, ഞീഴൂർ ഗ്രാമ പഞ്ചായത്ത്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by REENAMMA P A
Date: 2021.02.2? ?7:13:22 IST
Reason: Approved
സെക്ഷൻ ഓഫീസർ